പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2039 — 13.06.2019 ൽ മറുപടിക്ക്

## പൊതുജനാരോഗ്യ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
| (എ) പൊതുജനങ്ങളുടെ ആരോഗ്യ പരിചരണവും ആരോഗ്യ സുരക്ഷയും മിതമായ ചെലവിൽ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി ഒട്ടേറെ പുതിയ ആരോഗ്യ പരിപാടികൾക്ക് സർക്കാർ തുടക്കമിട്ടതിൽ ആർദ്രം മിഷൻ എന്ന പദ്ധതി ആരോഗ്യമേഖലയെ എല്ലാ രീതിയിലും മെച്ചപ്പെടുത്തുന്നതിനും പുനഃസംഘടിപ്പിക്കാനും പ്രാഥമിക ചികിത്സാരംഗത്തിന് മുൻഗണന നൽകുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. സർക്കാർ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ ആവശ്യമായ മാനദണ്ഡങ്ങളോടെ രോഗീസൗഹൃദം ആക്കുകയെന്നതും അതുവഴി ചികിത്സാ ചെലവ് കുറയ്ക്കുക എന്നതുമാണ് ആർദ്രം മിഷനിലൂടെ പ്രധാനമായി നടപ്പിലാക്കി വരുന്നത്. ഇതുകൂടാതെ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംസ്ഥാന ആരോഗ്യവകുപ്പുമായി യോജിച്ച് വാക്സിൻ കൊണ്ട് തടയാൻ കഴിയുന്ന മാരക രോഗങ്ങൾ വരാതിരിക്കാനായി ഇമ്മ്യൂണൈസേഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നു. യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം പ്രകാരം താഴെ നൽകിയിരിക്കുന്ന വാക്സിനുകൾ സൗജന്യമായി നൽകുന്നു.<br>1. പോളിയോ<br>2. ഹെപ്പറ്റൈറ്റിസ് ബി<br>3. ബി.സി.ജി.<br>4. പെന്റാവാലന്റ്<br>5. എ. ആർ.<br>6. ഡി.പി.റ്റി.<br>7. ഡി.റ്റി.<br>മേൽ പറഞ്ഞ വാക്സിൻ നൽകുന്നതുകൊണ്ട് പ്രസ്തുത രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ആ രോഗങ്ങൾ കൊണ്ടുണ്ടാകാൻ സാധ്യതയുള്ള സങ്കീർണ്ണതകളും (Complications) മരണവും തടയാൻ കഴിയുന്നു.<br>ജനനി ശിശു സുരക്ഷാ കാര്യക്രം (JSSK) പദ്ധതി പ്രകാരം ഒരു വയസ്സിൽ താഴെയുള്ള |

| | | | |
|---|---|---|---|
| | | | കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ, മരുന്നുകൾ, ലബോറട്ടറി പരിശോധനകൾ എന്നിവ ലഭ്യമാണ്.<br><br>രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പ്രകാരം 29 രോഗവിഭാഗങ്ങൾക്ക് 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നു.<br><br>ആരോഗ്യ കിരണം പദ്ധതിയിൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നു.<br><br>ജനനി ശിശു സുരക്ഷാ കാര്യക്രം (JSSK) പദ്ധതി പ്രകാരം ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ, മരുന്നുകൾ, ലബോറട്ടറി പരിശോധനകൾ മുതലായവ സൗജന്യമായി ലഭിക്കുന്നു. നവകേരള കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ജില്ലാ/താലൂക്ക് ആശുപത്രികളെ ആധുനിക ചികിത്സാ സംവിധാനങ്ങളോടെ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയവ നേരത്തേ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും നിയന്ത്രണവിധേയമാക്കുന്നതിനുമുള്ള പ്രവർത്തനപരിപാടികൾ, ജില്ലാ/ജനറൽ ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യങ്ങളോടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും താലൂക്ക് തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളോടെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലകളിലും പബ്ലിക് ഹെൽത്ത് ലാബുകൾ തുടങ്ങുന്നതിന്റെ ഭാഗമായി മലപ്പുറം, പത്തനംതിട്ട, വയനാട് ജില്ലകളിൽ പുതിയ പബ്ലിക് ഹെൽത്ത് ലാബുകൾ ആരംഭിച്ചു. |
| (ബി) | ഗുരുതര രോഗം ബാധിക്കുന്നവരുടെ ചികിത്സയ്ക്ക് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്; സ്ത്രീകളുടേയും കുട്ടികളുടേയും ഗർഭിണികളുടെയും ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ആൻജിയോപ്ലാസ്റ്റി, കാത്ത് ലാബ് സൗകര്യങ്ങളോടെ ഹൃദ്രോഗ ചികിത്സയും മറ്റ് പ്രധാന സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാതല ആശുപത്രികളിലും ഡയാലിസിസ് സൗകര്യങ്ങളടക്കം കൂടുതൽ സ്പെഷ്യാലിറ്റി പരിചരണങ്ങൾ താലൂക്കുതല ആശുപത്രികളിലും ലഭ്യമാക്കാൻ കഴിയുന്നുണ്ട്.<br><br>മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന രോഗികൾക്ക് Society for Medical Assistance to Poor പദ്ധതി മുഖേന ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ |

പരമാവധി 50,000/- രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നു. ആയതിന്റെ നിബന്ധനകൾ അനുബന്ധമായി വച്ചിട്ടുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നേഴ്സുമാർ, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി. ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രസവം നടക്കുന്ന ആശുപത്രികൾക്ക് മെഡിക്കൽ ഉപകരണങ്ങൾ നൽകി. ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ ഗർഭകാല ചികിത്സ നൽകുന്നു. അയൺ ഫോളിക് ആസിഡ് ഗുളികകളും കാൽസ്യം ഗുളികകളും സർക്കാർ ആശുപത്രികൾ വഴി സൗജന്യമായി നൽകുന്നു.

| | | | |
|---|---|---|---|
| (സി) | എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ജീവിതശൈലീരോഗ നിർണ്ണയത്തിനും പരിചരണത്തിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ആധുനികവത്കരണത്തിന്റെയും നഗരവത്ക്കരണത്തിന്റെയും ഫലമായി ജനങ്ങളുടെ ജീവിത ശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. ആഗോളതലത്തിൽത്തന്നെ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ ജനവിഭാഗങ്ങൾക്കിടയിൽ സാമ്പത്തികമോ സാമുദായികമോ പ്രാദേശികമോ ആയ വ്യത്യാസങ്ങളില്ലാതെ മരണനിരക്കും രോഗാതുരതയും സാമ്പത്തികഭദ്രതയും പ്രതികൂലമായി ബാധിച്ചുകൊണ്ട് ജീവിതശൈലീ രോഗങ്ങൾ മുൻനിരയിലേയ്ക്ക് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഒരു സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ജനറൽ ആശുപത്രികളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഏക സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുള്ളതാണ്.<br>രോഗനിർണ്ണയത്തോടൊപ്പംതന്നെ ഇൻസുലിൻ ഉൾപ്പടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും അമൃതം ആരോഗ്യം എന്ന ജീവിതശൈലീ രോഗനിയന്ത്രണമെന്ന പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി |

| | | | |
|---|---|---|---|
| | | | ഉയർത്തപ്പെട്ട ആശുപത്രികളിൽ മാത്രം ലഭിക്കുന്ന വിവിധ പരിശോധനകൾ പ്രീചെക്ക് ക്ലിനിക്കുകളിലൂടെ നടത്തിവരികയും ചെയ്യുന്നു. ഇതിനുപുറമെ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെക്കുറിച്ച് ആരോഗ്യ ബോധവത്ക്കരണവും നൽകിവരുന്നു. ജീവിതശൈലീ രോഗങ്ങൾ കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ യൂണിറ്റുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ, സി.ഒ.പി.ഡി. ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| (ഡി) | ക്യാൻസർ കണ്ടുപിടിക്കുന്നതിന് ക്യാൻസർ ഡിറ്റക്ഷൻ സെന്ററുകൾ താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ച വരുന്നതിനാൽ ഇവ നേരത്തെ കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും ജില്ല/താലൂക്ക് കേന്ദ്രങ്ങളിൽ ക്യാൻസർ നിർണ്ണയ നിയന്ത്രണ ക്ലിനിക്കുകൾ ആരംഭിക്കേണ്ടത് ഒരു അനിവാര്യതയാണ്. ഈ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് ക്യാൻസർ കെയർ പദ്ധതിയിലൂടെ എല്ലാ ജില്ലകളിലും ക്യാൻസർ നിർണ്ണയ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ ക്യാൻസർ കെയർ പദ്ധതിക്ക് തുടക്കമിട്ടിരുന്നു. ആരോഗ്യ വകുപ്പിൽ ക്യാൻസർ ചികിത്സാ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള അസിസ്റ്റന്റ് സർജൻമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ വിദഗ്ധ പരിശീലനം നൽകിയാണ് ഈ കേന്ദ്രങ്ങളിൽ വിന്യസിച്ചിരിക്കുന്നത്. ഇപ്പോൾ സംസ്ഥാനത്ത് 23 ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിൽ നാളിതുവരെ 60,000-ൽപ്പരം കീമോതെറാപ്പി നൽകുന്നതിനും 3000-ൽപ്പരം പുതിയ കേസുകൾ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇത് മറ്റ് കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

ന്നാബന്ധം

# സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ

ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ആവിഷ്ക്കരിക്കപ്പെട്ട ചികിത്സാ ധനസഹായ പദ്ധതിയാണ് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവറിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നത്.

1998-ലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. 08-12-1998-ൽ ഇത് തിരുവിതാംകൂർ കൊച്ചി സയന്റിഫിക് ലിറ്റററി ആന്റ് ചാരിറ്റബൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു. (സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 345/98/ആ.കു.വ. തീയതി.08.12.98).

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണിത്. അതാതു വർഷം ബജറ്റിൽ ഇതിനായി നീക്കി വയ്ക്കുന്ന തുകയാണ് സംസ്ഥാന സർക്കാർ വിഹിതം. ഇതിന്റെ നേർ പകുതി (മാച്ചിംഗ് ഗ്രാന്റ്) കേന്ദ്ര സർക്കാർ വിഹിതമായി ലഭിക്കും.

മാരകമായ രോഗങ്ങൾ കാരണം വിഷമിക്കുന്ന പാവപ്പെട്ട രോഗികളെ സാമ്പത്തികമായി സഹായിക്കുകയാണു സൊസൈറ്റിയുടെ ലക്ഷ്യം.

## ഗവേണിംഗ് ബോഡി.

സൊസൈറ്റിയുടെ ആസ്ഥാനം തിരുവനന്തപുരത്തുള്ള ആരോഗ്യ വകുപ്പു ഡയറക്ടറേറ്റാണ്. താഴെപ്പറയുന്ന പതിമൂന്ന് അംഗങ്ങൾ അടങ്ങിയ ഗവേണിംഗ് ബോഡിയാണ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

1. ബഹു. ആരോഗ്യ വകുപ്പു മന്ത്രി - ചെയർ പേഴ്സൺ.
2. ആരോഗ്യ കുടംബക്ഷേമ വകുപ്പു സെക്രട്ടറി - വൈസ് ചെയർമാൻ.
3. ആരോഗ്യ വകുപ്പു അഡിഷണൽ ഡയറക്ടർ (മെഡിക്കൽ) - മെമ്പർ സെക്രട്ടറി.
4. ആരോഗ്യ വകുപ്പു ഡയറക്ടർ - മെമ്പർ.
5. അഡിഷണൽ സെക്രട്ടറി (ആരോഗ്യ കുടുംബക്ഷേമവകുപ്പ്)- മെമ്പർ
6. ധനകാര്യ വകുപ്പ് അഡിഷണൽ സെക്രട്ടറി - മെമ്പർ
7. തിരുവനന്തപുരം ജില്ലാ കളക്ടർ - മെമ്പർ
8. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ - മെമ്പർ
9. റീജിയണൽ ക്യാൻസർ സെന്റർ ഡയറക്ടർ - മെമ്പർ
10 ആരോഗ്യ വകുപ്പു ഡയറക്ടറേറ്റിലെ ഫൈനാൻസ് ആഫീസർ - മെമ്പർ.
11 ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടർ - മെമ്പർ
12. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പ്രതിനിധി - മെമ്പർ
13. ലയൺസ് ക്ലബ്ബിന്റെ പ്രതിനിധി - മെമ്പർ.

## ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

സൊസൈറ്റിയുടെ അംഗീകൃത ആശുപത്രികളിലെ അംഗീകൃത ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് ചികിത്സാധനസഹായം അനുവദിക്കുന്നതു്.

സൊസൈറ്റി അംഗീകരിച്ചിരുന്ന 15 ആശുപത്രികളിലെ ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് ചികിത്സാ ധനസഹായം അനുവദിച്ചു വന്നിരുന്നതു്. എന്നാൽ സർക്കാർ ഉത്തരവ് ( സാധാ) നം. 129/2016 ആ.കു.വ തീയതി, തിരുവനന്തപുരം 08/01/2016 പ്രകാരം 51 ആശുപത്രികളെക്കൂടി ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിയിലൂടെ ചികിത്സാ ധനസഹായം നൽകുന്നതിന് അംഗീകരിച്ചിരുന്ന ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം
2. റിജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം
3. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
4. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
5. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ
6. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
7. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്

8. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കളമശ്ശേരി, കൊച്ചി
9. ഇ.എം.എസ്.മെമ്മോറിയൽ സഹകരണ ആശുപത്രി,പാണമ്പി,പെരിന്തൽമണ്ണ, മലപ്പുറം
10. സഹകരണ ഹൃദയാലയ മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ
11. മലബാർ കാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ
12. ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം
13. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്
14. ജനറൽ ആശുപത്രി, എറണാകുളം
15. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം.

സൊസൈറ്റിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽ 08/01/2016 ലെ സർക്കാർ ഉത്തരവ് പ്രകാരം പുതിയതായി ഉൾപ്പെടുത്തിയ ആശുപത്രികൾ താഴെപ്പറയുന്നു.

1. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, മലപ്പുറം
2. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, ഇടുക്കി
3. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം
4. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കൊല്ലം
5. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആലപ്പുഴ
6. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, എറണാകുളം
7. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പാലക്കാട്
8. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്
9. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കണ്ണൂർ
10. ജനറൽ ആശുപത്രി, തിരുവനന്തപുരം
11. ജനറൽ ആശുപത്രി,പത്തനംതിട്ട
12 ജനറൽ ആശുപത്രി, അടൂർ പത്തനംതിട്ട
13. ജനറൽ ആശുപത്രി, ആലപ്പുഴ
14. ജനറൽ ആശുപത്രി, കോട്ടയം
15.പാണക്കാട് സെയ്ത്മുഹമ്മദാലി ശിഹാബ്തങ്ങൾ സ്മാരക ജനറൽ ആശുപത്രി, മലപ്പുറം
16. ജനറൽ ആശുപത്രി, കോഴിക്കോട്
17. ജനറൽ ആശുപത്രി, കല്പറ്റ, വയനാട്
18. ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ
19. ജനറൽ ആശുപത്രി, കാസർഗോഡ്
20. ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം
21. ജില്ലാ ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം
22. ജില്ലാ ആശുപത്രി, കൊല്ലം
23. ജില്ലാ ആശുപത്രി, കോഴഞ്ചേരി,പത്തനംതിട്ട
24 ജില്ലാ ആശുപത്രി, മാവേലിക്കര, ആലപ്പുഴ
25. ജില്ലാ ആശുപത്രി, കോട്ടയം
26. ജില്ലാ ആശുപത്രി, ആലുവ, എറണാകുളം
27 ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി
28. ജില്ലാ ആശുപത്രി, തൃശ്ശൂർ
29. ജില്ലാ ആശുപത്രി,പാലക്കാട്
30. ജില്ലാ ആശുപത്രി, തിരൂർ
31. ജില്ലാ ആശുപത്രി, വടകര, കോഴിക്കോട്
32. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്
33. ജില്ലാ ആശുപത്രി, കണ്ണൂർ
34. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്. കാസർഗോഡ്

പക്ഷാഘാത (stroke) ചികിത്സയ്ക്കുവേണ്ടി ചുവടെ പറയുന്ന 17 ആയുർവേദ ചികിത്സാ സ്ഥാപനങ്ങളെയും കൂടി സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ ധനസഹായമനുവദിക്കാൻ 08/01/2016 ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

1. ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
2. ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ, എറണാകുളം
3. ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ
4. ജില്ലാ ആയുർവേദ ആശുപത്രി, തിരുവനന്തപുരം
5. ജില്ലാ ആയുർവേദ ആശുപത്രി, കൊല്ലം
6. ജില്ലാ ആയുർവേദ ആശുപത്രി, ആലപ്പുഴ
7. ജില്ലാ ആയുർവേദ ആശുപത്രി,പത്തനംതിട്ട
8. ജില്ലാ ആയുർവേദ ആശുപത്രി, കോട്ടയം
9. ജില്ലാ ആയുർവേദ ആശുപത്രി, ഇടുക്കി
10. ജില്ലാ ആയുർവേദ ആശുപത്രി, എറണാകുളം
11. ജില്ലാ ആയുർവേദ ആശുപത്രി, തൃശ്ശൂർ
12. ജില്ലാ ആയുർവേദ ആശുപത്രി, മലപ്പുറം
13. ജില്ലാ ആയുർവേദ ആശുപത്രി,പാലക്കാട്
14. ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട്
15. ജില്ലാ ആയുർവേദ ആശുപത്രി, കണ്ണൂർ
16. ജില്ലാ ആയുർവേദ ആശുപത്രി, വയനാട്
17. ജില്ലാ ആയുർവേദ ആശുപത്രി, കാസർഗോഡ്

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതിയിലൂടെ ചികിത്സാ ധനസഹായം നൽകുന്നതിന് അംഗീകരിച്ചിരുന്ന ചികിത്സകളും ശസ്ത്രക്രിയകളും ചുവടെ ചേർക്കുന്നു.

1. മസ്തിഷ്ക്ക ശസ്ത്രക്രിയ
2. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ
3. വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ
4. കരൾ മാറ്റി വെയ്ക്കൽ ശസ്ത്രക്രിയ
5. പേസ് മേക്കർ സ്ഥാപിക്കൽ
6. ആഞ്ജിയോ പ്ലാസ്റ്റി
7. കാൻസർ (ശസ്ത്രക്രീയ, കീമോതെറാപ്പി, റേഡിയേഷൻ)
8. ഡയാലിസിസ്
9. ട്യൂമർ റിമൂവൽ
10. അസ്ഥിസംബന്ധമായ ശസ്ത്രക്രിയകൾ
    - റിസക്ഷനും പ്രൊസ്തസിസും
    - ലംബാർ തൊറാസിക്ക് വെർട്ടിബ്രൽ അസ്ഥികളിലെ ട്യൂമർ
    - കാൽമുട്ടു മാറ്റിവെയ്ക്കൽ
11. സിക്കിൾ സെൽ അനീമിയ

സൊസൈറ്റിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽ 08/01/2016 ലെ സർക്കാർ ഉത്തരവ് പ്രകാരം പുതിയതായി ഉൾപ്പെടുത്തിയ ചികിത്സകൾ ചുവടെ പറയുന്നു.

1. ഗില്ലൻബാരി സിൻഡ്രോം
2. ഹിപ്പ് റീപ്ലേസ്മെന്റ് സർജ്ജറി
3. ഹിസ്റ്ററക്ടമി
4. വന്ധ്യതാചികിത്സ
5. ക്രോണിക് ലിവർ ഡിസീസ്

സർക്കാരിൽ നിന്നും ലഭിച്ച ആനുകൂല്യങ്ങൾക്ക പുറമേ ചികിത്സയ്ക്ക് രോഗിയുടെ കൈയിൽ നിന്നും ചെലവാകുന്ന അധിക തുക, ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പരമാവധി **50,000/- രൂപ (അമ്പതിനായിരം രൂപാ മാത്രം)** വരെ ലഭിക്കാൻ രോഗിയ്ക്ക് അർഹതയുണ്ടായിരിക്കും.

ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷാ ഫാറം പരിഷ്ക്കരിച്ചിട്ടുണ്ട്. അതിന്റെ മാതൃക **www.dhs.kerala. gov. in** എന്ന വെബ്സൈറ്റിൽ SMAP എന്ന ലിങ്കിൽ ലഭ്യമാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതായ രേഖകൾ**

1. ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ലഭിക്കുന്ന വരുമാനസർട്ടിഫിക്കറ്റ്.
2. രോഗിയുടെ ആധാർ കാർഡിന്റെയോ വോട്ടേഴ്സ് ഐഡന്റിറ്റി കാർഡിന്റെയോ പകർപ്പ്.

നിർദ്ദേശാനുസരണം സമർപ്പിക്കുന്ന അപേക്ഷ അർഹതയുള്ളതാണെന്ന് കണ്ടാൽ ചികിത്സാ ധനസഹായം അനുവദിച്ച് ആ വിവരം കത്തു മുഖാന്തരം രോഗിയെ അറിയിക്കുന്നതും രോഗിയിൽ നിന്നും മുൻകൂറായി രസീത് വാങ്ങി തുക രോഗിയുടെ ബാങ്ക് അക്കൗണ്ടിലൂടെ മാറാവുന്ന ചെക്കായി രജിസ്റ്റേർഡ് തപാലിൽ രോഗിയുടെ പേരിൽ അയച്ചുകൊടുക്കുന്നതുമാണ്.

**അപേക്ഷ സമർപ്പിച്ചതിനു ശേഷം രോഗി മരണപ്പെട്ടാൽ അനന്തരാവകാശിക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ.**

ചികിത്സാ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചശേഷം തുകയനുവദിക്കപ്പെടുന്നതിനുമുൻപ് രോഗി മരണപ്പെട്ടാൽ അർഹതയുടെ അടിസ്ഥാനത്തിൽ രോഗിയുടെ അനന്തരാവകാശിക്ക് പ്രസ്തുത തുക അനുവദിച്ചുകൊടുക്കുന്നതാണ്.

ഇപ്രകാരം തുക അനുവദിക്കുന്നതിനായി മരണപ്പെട്ടയാളുടെ അനന്തരാവകാശി സൊസൈറ്റിയുടെ മെമ്പർ സെക്രട്ടറിക്ക് വെള്ളക്കടലാസിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. താഴെപ്പറയുന്ന രേഖകൾ സഹിതമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

1. രോഗിയുടെ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. തഹസീൽദാർ നൽകുന്ന നിയമാനുസൃത അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**പൂരിപ്പിച്ച അപേക്ഷകൾ അയയ്ക്കേണ്ട മേൽവിലാസം**

മെമ്പർ സെക്രട്ടറി
സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ
ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് ,(ജനറൽ ആശുപത്രിയ്ക്ക് സമീപം)
തിരുവനന്തപുരം 695035

ഫോൺ മുഖാന്തിരം വിവരങ്ങൾ അറിയുന്നതിന് താഴെപ്പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**0471-2519257**

സെക്ഷൻ ഓഫീസർ.